**എൻഡോസൾഫാന്റെ ദുരന്തങ്ങൾ നേരിട്ടനുഭവിക്കുന്ന ഒരു രാജ്യത്തെ പ്രതിനിധീകരിച്ചിട്ടും ജനീവയിൽ നടന്ന ആറാമത് സ്റ്റോക്ക്ഹോം കൺവെൻഷ നിൽ എൻഡോസൾഫാൻ നിർമ്മാതാ ക്കൾക്ക് ദാസ്യവേല ചെയ്യുകയായിരുന്നു ഇന്ത്യൻ പ്രതിനിധികൾ എന്ന് കൺവെൻഷനിൽ പങ്കെടുത്ത 'തണലി' ലെ സി. ജയകുമാർ പറയുന്നു**

# എൻഡോസൾഫാൻ മാരകമല്ലാത്തത് ഇന്ത്യയ്ക്ക് മാത്രം

**ജനീവ കൺവെൻഷന്റെ പശ്ചാത്തലം**

സ്ഥാവര കാർബണിക രാസവിഷങ്ങൾ Persistent Organic Pollutants (POP) ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ടെന്നും അവയെ നിയന്ത്രിക്കാൻ അംഗ രാജ്യങ്ങളുമായി ഉടമ്പടി ഉണ്ടാക്കണമെന്നും 1997 ൽ നടന്ന ലോകാരോഗ്യ സംഘടനയുടെ 10-ാം സമ്മേളനം 13-ാം പ്രമേയമായി ഐക്യരാഷ്ട്ര സഭ യോട് ആവശ്യപ്പെട്ടു. തുടർന്ന് യു.എൻ അത് അംഗീകരിക്കുകയും യു.എൻ. ഇ.പി ഉടമ്പടിയുണ്ടാക്കാൻ 1998ൽ തീരുമാനിക്കുകയും ചെയ്തു. ഉടമ്പടിയു ണ്ടാക്കുന്നതിനായി 1998ൽ യു.എൻ.ഇ.പി തുടങ്ങിയ ചർച്ച 2000ൽ പൂർത്തി യായി. എല്ലാവരും പൂർണ്ണമായി അംഗീകരിച്ച കരട് നിയമം 2001ൽ സ്റ്റോക് ഹോമിൽ വച്ച് അംഗരാജ്യങ്ങൾ ഒപ്പ് വച്ചതോടെ ഉടമ്പടിയായി. ഈ ഉടമ്പടി സ്റ്റോക്ക്ഹോം കൺവെൻഷൻ ഓൺ പെർസിസ്റ്റന്റ് ഓർഗാനിക്ക് പൊല്യൂട്ടന്റ് എന്ന പേരിലാണ് അറിയപ്പെടുന്നത്. പത്ത് വർഷമായി തണലിനെ പ്രതിനി ധീകരിച്ച് പോപ്സ് കൺവെൻഷനിൽ നിരീക്ഷകനായി ഞാൻ പങ്കെടുക്കു ന്നുണ്ട്.

സ്ഥാവര കാർബണിക രാസവിഷങ്ങൾ നിരോധനവും നിയന്ത്രണവും വി ലയിരുത്തുന്ന പി.ഒ.പി റിവ്യൂകമ്മിറ്റി Persistent Organic Pollutants Review Committee (POPRC)യുടെ ആറാമത്തെ മീറ്റിംഗാണ് 2010 ഒക്ടോബർ 10ന് ജനീവ യിൽ നടന്നത്. 2007ൽ യൂറോപ്യൻ യൂണിയൻ എൻഡോസൾഫാൻ നിരോ ധിക്കുകയും മറ്റ് രാജ്യങ്ങൾ ഇതിനായി മുന്നോട്ട് വരണമെന്ന് പി.ഒ.പി റിവ്യൂ കമ്മിറ്റിയോട് ആവശ്യപ്പെട്ടിരുന്നു. 2008ലെ മീറ്റിംഗിൽ പി.ഒ.പി റിവ്യൂ കമ്മിറ്റി അത് പരിഗണിച്ചു. എൻഡോസൾഫാൻ പി.ഒ.പി മാനദണ്ഡങ്ങൾ പാലിക്കു ന്നുണ്ടോ എന്നും നിരോധിക്കേണ്ടതുണ്ടോ എന്നും പരിശോധിക്കാൻ തീരു മാനിക്കുകയും അത് പഠിക്കുന്നതിനായി ഒരു സബ്കമ്മിറ്റിയെ നിയോഗിക്കു കയും ചെയ്തു. 2009ലെ മീറ്റിംഗിൽ എൻഡോസൾഫാൻ നിരോധിക്കപ്പെടേ

ണ്ട ഒരു കീടനാശിനിയാണെന്ന് പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഈ സബ്കമ്മിറ്റി വിലയിരുത്തി. നിരോധിച്ചാലുണ്ടാകുന്ന സാമൂഹിക–സാമ്പത്തിക പ്രത്യാഘാതങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാൻ അംഗരാജ്യങ്ങളോട് 2009ലെ മീറ്റിംഗിൽ കമ്മിറ്റി ആവശ്യപ്പെട്ടു. തുടർന്ന് നടന്ന ഈ വർഷത്തെ മീറ്റിംഗിൽ 10 കോടി അമേരിക്കൻ ഡോളറിന് തുല്യമായ മാർക്കറ്റാണ് എൻഡോസൾഫാനുള്ളതെന്നും അത് നിരോധിക്കുകയാണെങ്കിൽ അതിനോടൊപ്പം ഉത്പാദകരെ സഹായിക്കേണ്ടതുണ്ടെന്നുമുള്ള നിലപാടാണ് ഇന്ത്യയെടുത്തത്. ഇന്ത്യയിൽ എവിടെയും എൻഡോസൾഫാന്റെ ഉപയോഗം മൂലം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായതായി ഇന്ത്യ മീറ്റിംഗിൽ പറഞ്ഞില്ല. കാസർഗോഡും എൻഡോസൾഫാൻ നിർമ്മിക്കുന്ന ഏലൂരിലുമുള്ള ആരോഗ്യ–പാരിസ്ഥിതിക പ്രശ്നങ്ങൾ പറയുകയായിരുന്നെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള സഹായം യു.എന്നിന്റെ ഭാഗത്ത് നിന്നുമുണ്ടാകുമായിരുന്നു.

കേന്ദ്ര കൃഷിവകുപ്പിന്റെയും പരിസ്ഥിതിവകുപ്പിന്റെയും പ്രതിനിധികളും പിന്നെ എൻഡോസൾഫാൻ നിർമ്മാതാക്കളായ എച്ച്. ഐ. എല്ലിന്റെയും എക്സലിന്റെയും പ്രതിനിധികളുമാണ് ഇന്ത്യയെ പ്രതിനിധീകരിച്ച് നാളുകളായി ഈ റിവ്യൂ മീറ്റിംഗിൽ പങ്കെടുക്കുന്നത്. മീറ്റിംഗിൽ പങ്കെടുക്കുന്ന മറ്റ് പല രാജ്യങ്ങളും പ്രാദേശിക ഭരണകൂടങ്ങളുമായും സാമൂഹിക സംഘടനകളുമായും ഈ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്ത് ഒരു നയരൂപീകരണം നടത്തിയ ശേഷമാണ് മീറ്റിംഗിലെത്തുന്നത്. എന്നാൽ ഇന്ത്യയിൽ ഇത്തരമൊരു നയരൂപീകരണം നടക്കുന്നില്ല. കീടനാശിനി കമ്പനികളെന്താണോ പറയുന്നത് അതാണ് അവരുടെ നയം. സർക്കാറിനെ പ്രതിനിധീകരിച്ച് ചർച്ചയിൽ പങ്കെടുക്കുന്നവർ കമ്പനികൾക്കനുകൂലമായി പറയുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താനാണ് കമ്പനിയുടെ പ്രതിനിധികളും മീറ്റിംഗിൽ പങ്കെടുക്കുന്നത്. കഴിഞ്ഞ പത്ത് വർഷമായി ഈ മീറ്റിംഗിൽ ഞാൻ കാണുന്നത് ഇതാണ്.

പിഒ.പി റിവ്യൂകമ്മിറ്റിയിലെ 31 അംഗ രാജ്യങ്ങളിൽ 29 രാജ്യങ്ങൾ ഈ വർഷം നടന്ന മീറ്റിംഗിൽ പങ്കെടുത്തു. ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പല അംഗരാജ്യങ്ങളും എൻഡോസൾഫാൻ നിരോധിച്ചിട്ടുണ്ട്. നിരോധനത്തെ പിന്താങ്ങുന്ന തരത്തിലുള്ള ശാസ്ത്രീയ പഠനങ്ങൾ ഈ രാജ്യങ്ങൾ മുന്നോട്ട് വയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ ഒരു ശാസ്ത്രീയ അടിത്തറയുടെയും പിന്തുണയില്ലാതെ എൻഡോസൾഫാനുവേണ്ടി വാദിച്ച് ഇന്ത്യ റിവ്യൂ മീറ്റിംഗിൽ അ




**കേന്ദ്ര കൃഷിവകുപ്പിന്റെയും പരിസ്ഥിതിവകുപ്പിന്റെയും പ്രതിനിധികളും പിന്നെ എൻഡോസൾഫാൻ നിർമ്മാതാക്കളായ എച്ച്ഐ. എല്ലിന്റെയും എക്സലിന്റെയും പ്രതിനിധികളുമാണ് ഇന്ത്യയെ പ്രതിനിധീകരിച്ച് നാളുകളായി ഈ റിവ്യൂ മീറ്റിംഗിൽ പങ്കെടുക്കുന്നത്. മീറ്റിംഗിൽ പങ്കെടുക്കുന്ന മറ്റ് പല രാജ്യങ്ങളും പ്രാദേശിക ഭരണകൂടങ്ങളുമായും സാമൂഹിക സംഘടനകളുമായും ഈ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്ത് ഒരു നയരൂപീകരണം നടത്തിയ ശേഷമാണ് മീറ്റിംഗിലെത്തുന്നത്. എന്നാൽ ഇന്ത്യയിൽ ഇത്തരമൊരു നയരൂപീകരണം നടക്കുന്നില്ല. കീടനാശിനി കമ്പനികളെന്താണോ പറയുന്നത് അതാണ് അവരുടെ നയം. സർക്കാറിനെ പ്രതിനിധീകരിച്ച് ചർച്ചയിൽ പങ്കെടുക്കുന്നവർ കമ്പനികൾക്കനുകൂലമായി പറയുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താനാണ് കമ്പനിയുടെ പ്രതിനിധികളും മീറ്റിംഗിൽ പങ്കെടുക്കുന്നത്.**

പഹാസ്യരായി. കേരളത്തിൽ എൻഡോസൾഫാൻ നിരോധിച്ചിട്ടില്ലെന്നും നിരോധിച്ചിട്ടുണ്ടെന്ന് കാണിച്ച് മുഖ്യമന്ത്രി എഴുതിയ കത്ത് തെറ്റാണെന്നുമാണ് കേന്ദ്രകൃഷി വകുപ്പിന്റെ പ്രതിനിധി അവിടെ വാദിച്ചത്. വളരെ മോശമായ രീതിയിൽ എൻഡോസൾഫാൻ നിർമ്മാതാക്കൾക്ക് ദാസ്യവേല ചെയ്യുകയായിരുന്നു ഇന്ത്യൻ പ്രതിനിധികൾ.

മീറ്റിംഗിൽ എൻഡോസൾഫാൻ നിരോധിക്കുന്നതിനെ എതിർത്ത ഏക രാജ്യം ഇന്ത്യയായിരുന്നു. വിഷയം വോട്ടിനിട്ടപ്പോൾ 29ൽ 24 അംഗ രാജ്യങ്ങൾ എൻഡോസൾഫാൻ നിരോധനത്തിന് അനുകൂലമായി വോട്ട് ചെയ്തു. അന്താരാഷ്ട്രതലത്തിൽ എടുക്കുന്ന തീരുമാനങ്ങളെല്ലാം വോട്ടിംഗില്ലാതെ നടക്കണമെന്ന് നിർബന്ധമുള്ളതിനാൽ നാല് രാജ്യങ്ങൾ വോട്ടിംഗിൽ നിന്നും വിട്ടുനിന്നു. നിരോധനം തെറ്റാണെന്ന് പറഞ്ഞ് വോട്ടിംഗിൽ പങ്കെടുക്കാതെ മാറി നിന്നത് ഇന്ത്യ മാത്രമാണ്. അടുത്ത ഏപ്രിലിൽ നടക്കുന്ന സ്റ്റോക്ക്ഹോം കൺവെൻഷന്റെ അഞ്ചാമത്തെ കോൺഫറൻസിൽ ഈ തീരുമാനം രാഷ്ട്രീയ തീരുമാനത്തിനായി വരും.

## കേന്ദ്ര കൃഷിവകുപ്പിന്റെ ഇടപെടലുകൾ

1991 ൽ കേന്ദ്ര സർക്കാറിന്റെ കീടനാശിനി രജിസ്ട്രേഷൻ ബോർഡ് വെള്ളമുള്ള സ്ഥലത്ത് എൻഡോസൾഫാൻ ഉപയോഗിക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിരുന്നു. എൻഡോസൾഫാന്റെ ഉപയോഗം വെള്ളത്തിലുള്ള ജീവികളെ ഹാനീകരമായി ബാധിക്കും എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ഈ നിർദ്ദേശം അവർ മുന്നോട്ട് വച്ചത്. എന്നാൽ കേരളത്തിൽ എൻഡോസൾഫാൻ പ്രശ്നം പൊതുസമൂഹം ചർച്ച ചെയ്യാൻ തുടങ്ങുന്നത് 1999ൽ ലീലാകുമാരി അമ്മ കാസർഗോഡ് കോടതിയിൽ കേസ് കൊടുത്തതിന് ശേഷമാണ്. 1979 മുതൽ കാസർഗോഡ് എൻഡോസൾഫാനുണ്ടാക്കുന്ന പ്രശ്നങ്ങൾ ലേഖനങ്ങളിലൂടെയും നിവേദനങ്ങളിലൂടെയും കത്തുകളിലൂടെയും പലരും ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും 2001 ന് ശേഷമാണ് മാധ്യമങ്ങളും പൊതുസമൂഹവും പ്രശ്നം ഗൗരവമായെടുക്കുന്നത്. കുറച്ച് നാളുകൾക്കുള്ളിൽ കേരളപ്പിറവിക്ക് ശേഷം കേരള പൊതുസമൂഹം ഏറ്റവും കൂടുതൽ ചർച്ച ചെയ്ത പരിസ്ഥിതി വിഷയമായി കാസർഗോഡെ എൻഡോസൾഫാൻ പ്രശ്നം മാറി. 2003ൽ കേരള ഹൈക്കോടതിയുടെ സുപ്രധാന വിധി വന്നു. പ്രശ്നം പഠിച്ചുകൊണ്ടിരിക്കുകയാണെന്നും അതിന് ശേഷം മാത്രമെ എൻഡോസൾഫാൻ നിരോധനത്തെക്കുറിച്ച് തീരുമാനിക്കാൻ കഴിയൂ എന്നും കേന്ദ്രസർക്കാർ കോടതിയെ അറിയിച്ചിരുന്നു. കേന്ദ്രസർക്കാറിന്റെ പരിഗണനയിലുള്ള വിഷയത്തിൽ അന്തിമ തീരുമാനം പറയാൻ കഴിയാത്തതിനാൽ പഠനത്തിന്റെ ഫലം പുറത്ത് വരുന്നതുവരെ കേരളത്തിൽ എൻഡോസൾഫാന്റെ വിൽപ്പനയും ഉപയോഗവും നിരോധിച്ചുകൊണ്ട് കോടതി ഉത്തരവിട്ടു. കോടതി വിധിയനുസരിച്ച് 2005ൽ ഉമ്മൻചാണ്ടി സർക്കാർ എൻഡോസൾഫാൻ നിരോധിച്ചു. കേരളത്തിൽ എൻഡോസൾഫാന്റെ ഉപയോഗം താത്കാലികമായി നിരോധിച്ചതായി 2006ൽ കേന്ദ്ര കൃഷി വകുപ്പിന്റെയും ഉത്തരവിറങ്ങി. എൻഡോസൾഫാൻ നിരോധിക്കേണ്ടതാണെന്ന് വിശ്വസിക്കുന്നില്ലെന്നും കേരളത്തിലുള്ള പ്രശ്നങ്ങളെക്കുറിച്ച് വ്യക്തതയില്ലാത്തതിനാലും ജനങ്ങൾക്ക് വളരെയധികം ആശങ്കയുള്ളതിനാലും കേരളത്തിൽ എൻഡോസൾഫാന്റെ ഉപയോഗം താത്കാലികമായി നിരോധിക്കുന്നു എന്നായിരുന്നു ഉത്തരവിൽ പറഞ്ഞിരുന്നത്.

## കാസർഗോഡുണ്ടായ ആരോഗ്യപ്രശ്നങ്ങൾ

എൻഡോസൾഫാൻ മൂലമുണ്ടായതാണോ എന്നറിയാൻ വ്യക്തമായ പഠനങ്ങൾ നടന്നിട്ടില്ല എന്നാണ് മന്ത്രി കെ.വി. തോമസ് അടക്കമുള്ള ചിലർ ഇപ്പോൾ ആരോപിക്കുന്നത്. കേന്ദ്ര മനുഷ്യാവകാശ കമ്മിഷന്റെ ആവശ്യ പ്രകാരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒക്യുപേഷണൽ ഹെൽത്ത് (NIOH) കാസർഗോഡെ എൻഡോസൾഫാന്റെ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുകയും ആറ് നിർദ്ദേശങ്ങൾ കേന്ദ്രസർക്കാറിന്റെ മുന്നിൽ വയ്ക്കുകയും ചെയ്തു. കുട്ടികളിലാണ് അവർ പഠനം നടത്തിയത്. കുട്ടികളിൽ ഹോർമോൺ തകരാറുകൾ പ്രകടമായി കാണുന്നുണ്ടെന്നും അതിന് കാരണം എൻഡോസൾഫാനാണെന്ന് കരുന്നതായും അവർ പറഞ്ഞിരുന്നു. കാൻസർ ഉൾപ്പെടെയുള്ള നിരവധി ആരോഗ്യപ്രശ്നങ്ങൾ മുതിർന്നവരിലുണ്ടെന്നും അത്തരം പ്രശ്നങ്ങളെക്കുറിച്ച് വിശദമായി പഠിക്കണമെന്നും ചികിത്സയ്ക്കുള്ള സംവിധാനങ്ങൾ ഒരുക്കണമെന്നും അവർ നിർദ്ദേശിച്ചിരുന്നു. ഇക്കാരണങ്ങളാൽ എൻഡോസൾഫാൻ നിരോധിക്കണമെന്നും (NIOH) നിർദ്ദേശത്തിൽ പറയുന്നു.

എന്നാൽ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട ഈ സ്ഥാപനം നടത്തിയ പഠനം കേന്ദ്രത്തിൽ പരിശോധിച്ചത് കൃഷി വകുപ്പാണ്. കൃഷി ശാസ്ത്രജ്ഞൻമാരാണ് ഈ റിപ്പോർട്ടുകൾ വിലയിരുത്തി ആരോഗ്യപ്രശ്നങ്ങൾ ഇല്ല എന്ന് നാളുകളായി പറയുന്നത്. ഇത് വളരെ അധാർമ്മികമായ കാര്യമാണ്. രോഗിയെ പരിശോധിക്കാനും മരുന്ന് നൽകാനുമുള്ള നിയമപരമായ അധികാരം ഡോക്ടർക്ക് മാത്രമാണ് ഈ രാജ്യത്തുള്ളത്. അതുകൊണ്ടുതന്നെ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടോ എന്ന് തീരുമാനിക്കാനുള്ള അധികാരം കൃഷിവകുപ്പിനില്ല. അവർക്ക് അഭിപ്രായം രേഖപ്പെടുത്താം, പക്ഷെ ആരോഗ്യപ്രശ്നത്തെക്കുറിച്ച് അന്തിമ തീരുമാനമെടുക്കാനുള്ള അവകാശമില്ല. മനുഷ്യന്റെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് വിശദീകരിക്കാനുള്ള അധികാരം കേന്ദ്ര ആരോഗ്യവകുപ്പിനും മെഡിക്കൽ ഡോക്ടർമാർക്കും മാത്രമാണുള്ളത്. കീടനാശിനികളുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്ന ഇന്ത്യയിലെ ഏറ്റവും ആധികാരികമായ എൻഐഒഎച്ച്. അവർ ഒരു വർഷത്തോളമെടുത്ത് നടത്തിയ പഠനത്തെയാണ് കേന്ദ്ര കൃഷിവകുപ്പ് അടിസ്ഥാനമില്ലാതെ തള്ളികളഞ്ഞത്. ഈ പഠനം റിവ്യൂ ചെയ്ത കമ്മിറ്റിയിൽ ഉണ്ടായിരുന്നത് കാർഷിക ശാസ്ത്രജ്ഞൻമാരും എൻഡോസൾഫാൻ നിർമ്മാതാക്കളുമായിരുന്നു. ഒപി. ദുബെ എന്ന കൃഷി ശാസ്ത്രജ്ഞനായിരുന്നു ചെയർമാൻ. 1978ൽ കാസർഗോഡ് എൻഡോസൾഫാൻ ഉപയോ

ഗിക്കാൻ നിർദ്ദേശിച്ചത് ഇതേ ശാസ്ത്രജ്ഞനായിരുന്നു. അതേ ശാസ്ത്രജ്ഞൻ 2003ൽ മെഡിക്കൽ ഡോക്ടർമാരുടെ പഠനം വിലയിരുത്തി ആരോഗ്യ പ്രശ്നങ്ങൾ ഇല്ല എന്ന് പറയുന്നതിന്റെ പിന്നിലെ അധാർമ്മികത വ്യക്തമാണ്. ഇത്തരം നിരവധി ആരോപണങ്ങൾ കമ്മിറ്റിക്കെതിരെ പുറത്ത് വന്നതിനെ തുടർന്ന് സി.ഇ. മാഹിൻ ചെയർമാനായുള്ള മറ്റൊരു കമ്മിറ്റിയെ ഈ പഠനം വിലയിരുത്താനായി കേന്ദ്രസർക്കാർ നിയോഗിച്ചു. കേരളത്തിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ എൻഡോസൾഫാന്റെ വിൽപ്പനയും ഉപയോഗവും നിരോധിക്കണമെന്ന് ഈ കമ്മിറ്റി വിലയിരുത്തി. എന്നാൽ ഇന്ത്യയിൽ മറ്റ് സ്ഥലങ്ങളിൽ ഉപയോഗിക്കുന്നതിന് പ്രശ്നമില്ല എന്നായിരുന്നു അവരുടെ നിലപാട്.

കാസർഗോഡ് പ്രശ്നം നിലനിൽക്കുന്ന സാഹചര്യത്തിൽ എൻഡോസൾഫാൻ ഉപയോഗിക്കുന്ന ഇന്ത്യയിലെ മറ്റ് സ്ഥലങ്ങളിലും ആരോഗ്യ പഠനം നടത്തുകയായിരുന്നു കേന്ദ്രസർക്കാർ എൻഐഒഎച്ചിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ചെയ്യേണ്ടിയിരുന്നത്. 1980ൽ മഹാരാഷ്ട്രയിലെ പരുത്തി കർഷകർക്കിടയിൽ എൻഡോസൾഫാനുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടന്നിട്ടുണ്ട്. രാജീവ്ഗാന്ധി പ്രധാനമന്ത്രിയായിരിക്കുന്ന കാലത്ത് ഒറീസയിലെ കശുമാവ് തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിക്കുന്നതുമൂലമുള്ള ആരോഗ്യങ്ങളെക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് എൽകെ. അദ്വാനി പാർലമെന്റിൽ ചോദ്യമുന്നയിച്ചിരുന്നു. എൺപതുകളിൽ തന്നെ എൻഡോസൾഫാനുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് പഠിക്കണമെന്ന ആവശ്യം ശക്തമായിരുന്നിട്ടും അതിനുള്ള ശ്രമങ്ങളൊന്നും കേന്ദ്രത്തിന്റെ ഭാഗത്ത് നിന്നും ഇതുവരെ ഉണ്ടായിട്ടില്ല. അത്തരമൊരു ശ്രമം നടത്തുന്നതിന് പകരം എൻഡോസൾഫാന്റെ പ്രശ്നങ്ങൾ മറ്റ് സംസ്ഥനങ്ങളിൽ ഇല്ല എന്ന് പറഞ്ഞ് ഒഴിയുകയല്ല കൃഷിവകുപ്പ് ചെയ്യേണ്ടത്. വെള്ളമുള്ള സ്ഥലത്ത് എൻഡോസൾഫാൻ ഉപയോഗിക്കാൻ പാടില്ല എന്ന് എൻഡോസൾഫാന്റെ ലേബലിൽ ഉൾപ്പെടുത്തണമെന്ന് ഒരിക്കൽ കേന്ദ്രകൃഷിവകുപ്പിന്റെ റിവ്യൂ കമ്മിറ്റി തന്നെ വിലയിരുത്തിയിരുന്നു. അതെല്ലാം മൂടിവച്ചാണ് കാസർഗോഡ് പ്രശ്നങ്ങളില്ല എന്ന് അവർ പിന്നെയും പിന്നെയും പറയുന്നത്.

### കേരളത്തിലെ പ്രതിഷേധങ്ങൾ

കേരളത്തിലെ പരിസ്ഥിതി പ്രവർത്തനത്തിന് ഏറ്റവും പ്രതീക്ഷ തരുന്ന ഒന്നാണ് എൻഡോസൾഫാനെതിരെയുള്ള നിലപാടുകൾ. എല്ലാ രാഷ്ട്രീയ നേതൃത്വവും എൻഡോസൾഫാനെതിരെ തീരുമാനമെടുക്കന്നതായിട്ടാണ് കാണാൻ കഴിയുന്നത്. അത്തരത്തിൽ രാഷ്ട്രീയ നേതൃത്വത്തെ അവിടെ എത്തിച്ചത് ജനങ്ങളാണ്. പൊതുസമൂഹം ഈ വിഷയത്തിന്റെ പ്രാധാന്യം മനസിലാക്കി ഇറങ്ങുന്നതിനെ ആശ്രയിച്ചാണ് മുന്നോട്ടുള്ള പോക്ക്. ജനങ്ങൾക്ക് പ്രശ്നത്തിന്റെ ഗൗരവത്തെക്കുറിച്ച് കൃത്യമായ അറിവുണ്ടാവുക എന്നതാണ് അതിന് വേണ്ടത്. അന്താരാഷ്ട്ര തലത്തിൽ എൻഡോസൾഫാൻ വിഷയത്തിലുണ്ടാകുന്ന എല്ലാ വാർത്തകളും കാസർഗോഡുള്ള ജനങ്ങളിൽ എത്തുന്നതിനാൽ അവർക്ക് എൻഡോസൾഫാനെക്കുറിച്ച് വ്യക്തമായ അറിവ് ഇപ്പോഴുണ്ട്. അതുകൊണ്ടുതന്നെ എൻഡോസൾഫാനെതിരെയുള്ള വികാരം അവിടെ വളരെ ശക്തമാണ്.

ജൈവകൃഷിയുടെ കാര്യത്തിൽ വളരെയധികം അനുഭവസമ്പത്തുള്ള കർഷകരുള്ള സംസ്ഥാനമാണ് കേരളം. അതുകൊണ്ട് എൻഡോസൾഫാൻ പോലെയുള്ള കീടനാശിനികളുടെ ഉപയോഗം കാർഷിക മേഖലയിൽ നിന്നും ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങൾ ജൈവകൃഷിയുടെ പ്രചാരണത്തിലൂടെ കേരളത്തിൽ വളരെ എളുപ്പത്തിൽ നടപ്പിലാക്കാൻ കഴിയും.

കെ.വി. തോമസിന്റെ പ്രസ്താവന തിരുത്താനും കേന്ദ്ര കൃഷിവകുപ്പിനെ കാര്യങ്ങൾ ബോധ്യപ്പെടുത്താനും കേരളത്തിലെ കോൺഗ്രസുകാർ തന്നെ മുന്നിട്ടിറങ്ങിയത് നന്നായി. ഉമ്മൻചാണ്ടിയും രമേശ് ചെന്നിത്തലയുമെല്ലാം കേരളത്തിന്റെ നയം അതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കെ.വി. തോമസിന്റെ പ്രസ്താവന പുറത്തുവന്ന ശേഷം എല്ലാ ദിവസവും ഇരകളുടെയും പൊതുജനങ്ങളുടെയും മുൻകൈയിലും വിവിധ രാഷ്ട്രീയകക്ഷികളുടെ നേതൃത്വത്തിലും നിരവധി സമരപരിപാടികളും പ്രതിഷേധ യോഗങ്ങളും കാസർഗോഡ് ഉണ്ടായി എന്നത് ആശാവഹമായ കാര്യമാണ്. കാരണം പ്രതികരിക്കുന്ന രാഷ്ട്രീയ സമൂഹമുണ്ടാവുക എന്നത് പ്രവർത്തിക്കുന്ന ജനാധിപത്യത്തിന്റെ ലക്ഷണമാണ്.

*തണൽ, എച്ച്-3, ജവഹർനഗർ,*
*കവടിയാർ, തിരുവനന്തപുരം*



പാരിസ്ഥിതിക വിവേകത്തിന്റെ ഒരു വ്യാഴവട്ടം

**കേരളീയം**

**12 –ാം വാർഷികാഘോഷങ്ങൾ**

ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ വച്ച് കേരളീയം പ്രത്യേക ലക്കങ്ങളുടെ പ്രകാശനം, പുസ്തകങ്ങളുടെ പ്രസാധനം, മാധ്യമക്യാമ്പ്, വിവിധ സാമൂഹിക വിഷയങ്ങളിൽ ജില്ലാതല സെമിനാറുകൾ, സാമൂഹിക പ്രവർത്തക ശില്പശാല, കേരളീയം മാധ്യമ ഫെല്ലോഷിപ്പ്, കാട്- മഴ- നിലാവ് ക്യാമ്പുകൾ, ബദൽ മാധ്യമ- ഡോക്യുമെന്ററി- ഫോട്ടോ പുസ്തക പ്രദർശനം, ജൈവമേള, സൈക്കിൾ ഫെസ്റ്റിവൽ തുടങ്ങിയ പരിപാടികളോടെ 2010 നവംബർ മുതൽ 2011 നവംബർ വരെ ആഘോഷിക്കുന്നു.

മെച്ചപ്പെട്ട കേരളീയം പ്രസിദ്ധീകരിക്കാനും നിലനിർത്താനുമുള്ള യത്നങ്ങളും സജീവമായി നമ്മൾ തുടരും. പിന്തുണയും സഹകരണവും പ്രതീക്ഷിക്കുന്നു.